**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 312** **27-10-2021 - ൽ മറുപടിയ്ക്ക്**

**കുട്ടികളിലെ ലഹരി ഉപയോഗം സംബന്ധിച്ച് പഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി യു പ്രതിഭ ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. പി.പി. സുമോദ്** | | **Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കുട്ടികളിലെ ലഹരി ഉപയോഗം വർദ്ധിച്ച് വരുന്നത് സംബന്ധിച്ച് സമഗ്രമായ പഠനം നടത്തുമോ; | (എ) | കുട്ടികളിലെ ലഹരി ഉപയോഗത്തെക്കുറിച്ച് കൂടുതൽ വ്യക്തമായ വിവരങ്ങൾ കിട്ടുന്നതിന് വിപുലവും ശാസ്ത്രീയവുമായ ഒരു പഠനത്തിന്റെ ആവശ്യമുണ്ട്. അത് നടത്താൻ വേണ്ട തയ്യാറെടുപ്പ് എക്സൈസ് വകുപ്പ് നടത്തുകയാണ്. |
| (ബി) | കുട്ടികളിലെ ലഹരി ഉപയോഗം ശാരീരികവും മാനസികവും സാമൂഹ്യവുമായ വളർച്ചയ്ക്ക് വിഘാതമുണ്ടാക്കുകയും ഇത് സാമൂഹ്യ വിരുദ്ധതയിലേക്ക് നയിക്കുകയും കുറ്റകൃത്യങ്ങൾ കൂട്ടുകയും ചെയ്യുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട്. കുട്ടികളിലെ ലഹരി ഉപയോഗം അവരുടെ ശാരീരികവും മാനസികവും സാമൂഹികവുമായ വളർച്ചയ്ക്ക് വിഘാതമുണ്ടാ ക്കുകയും ഇത് സാമൂഹ്യ വിരുദ്ധതയിലേക്ക് നയിച്ച് കുറ്റകൃത്യങ്ങൾ കൂട്ടുകയും ചെയ്യുന്ന സാഹചര്യം ഇല്ലാതാക്കുന്നതിനും, ലഹരിയിൽ നിന്നും സ്വയം സംരക്ഷണം തീർക്കുന്ന അവസ്ഥ വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് എക്സൈസ് വകുപ്പും വിമുക്തി മിഷനും നടത്തി വരുന്നത്. സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങൾക്കായി ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതും, ഈ ക്ലബ്ബുകൾ വഴി ബോധവൽക്കരണ ക്ലാസ്സുകൾ, വിവിധ മത്സരങ്ങൾ, വിദ്യാർത്ഥികളിൽ ലഹരിക്കെതിരെ ചിന്ത ഉണർത്തുന്ന മറ്റ് പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നതുമാണ്. വിദ്യാലയങ്ങൾ ലഹരി മുക്തമാക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ 4 സ്കൂളുകളിൽ ആരംഭിച്ച "ഉണർവ്വ്" എന്ന പദ്ധതി മറ്റ് 13 ജില്ലകളിൽ കൂടി നടപ്പിലാക്കുന്നതാണ്. കോളേജ് തലത്തിൽ വിദ്യാർത്ഥികളുടെ ലഹരി ഉപയോഗ സാധ്യതകൾ ഇല്ലാതാക്കുന്നതിന് കോളേജ് ക്യാമ്പസ്സുകളിൽ 'നേർക്കൂട്ടം' എന്ന പേരിലും, കോളേജ് ഹോസ്റ്റലുകളിൽ 'ശ്രദ്ധ' എന്ന പേരിലും കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ലഹരി വിരുദ്ധ ആശയ പ്രചരണത്തിന്റെ ആവശ്യകത |

| | | | |
|---|---|---|---|
| | | | കണക്കിലെടുത്ത് എസ്.പി.സി., എൻ.എസ്.എസ്., എൻ.സി.സി. എന്നിവയിലെ വിദ്യാർത്ഥികളിലൂടെ ലഹരിവിരുദ്ധ ആശയങ്ങൾ വ്യാപകമാക്കുന്നതാണ്. ഈ ലക്ഷ്യത്തോടെ ലഹരി ഉപയോഗത്തിന്റെ ദൂഷ്യഫലങ്ങൾ വെളിവാക്കുന്ന ഹ്രസ്വ ചിത്രങ്ങൾ തയ്യാറാക്കി വിദ്യാർത്ഥികളിലൂടെ നവമാധ്യമങ്ങൾ മുഖേന പ്രചരിപ്പിച്ച് വരുന്നു. കുട്ടികൾക്കിടയിലെ ലഹരി ഉപയോഗം കണ്ടെത്തി ആവശ്യമായ തിരുത്തൽ നടപടികൾക്കും ചികിത്സ നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ എൻ.ഡി.പി.എസ് കേസ്സുകളിൽ ഉൾപ്പെട്ട 21 വയസ്സിൽ താഴെ പ്രായമുള്ളവർ വീണ്ടും ലഹരി ഉപയോഗ സാധ്യതയിലേക്ക് പോകാതിരിക്കുവാൻ അവർക്ക് കൗൺസിലിംഗ്/ചികിത്സ നൽകുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. |
| (സി) | എങ്കിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗത്തിൽ നിന്നും കുട്ടികളെ രക്ഷിക്കുവാൻ ഫലപ്രദമായ പദ്ധതി തയ്യാറാക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | ഉണ്ട്. കുട്ടികളിലെ ലഹരി ഉപയോഗം അവരുടെ ശാരീരികവും മാനസികവും സാമൂഹികവുമായ വളർച്ചയ്ക്ക് വിഘാതമുണ്ടാ ക്കുകയും ഇത് സാമൂഹ്യ വിരുദ്ധതയിലേക്ക് നയിച്ച് കുറ്റകൃത്യങ്ങൾ കൂട്ടുകയും ചെയ്യുന്ന സാഹചര്യം ഇല്ലാതാക്കുന്നതിനും, ലഹരിയിൽ നിന്നും സ്വയം സംരക്ഷണം തീർക്കുന്ന അവസ്ഥ വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് എക്സൈസ് വകുപ്പും വിമുക്തി മിഷനും നടത്തി വരുന്നത്. സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങൾക്കായി ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതും, ഈ ക്ലബ്ബുകൾ വഴി ബോധവൽക്കരണ ക്ലാസ്സുകൾ, വിവിധ മത്സരങ്ങൾ, വിദ്യാർത്ഥികളിൽ ലഹരിക്കെതിരെ ചിന്ത ഉണർത്തുന്ന മറ്റ് പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നതുമാണ്. വിദ്യാലയങ്ങൾ  ലഹരി മുക്തമാക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ 4 സ്കൂളുകളിൽ ആരംഭിച്ച "ഉണർവ്വ്" എന്ന പദ്ധതി മറ്റ് 13 ജില്ലകളിൽ കൂടി നടപ്പിലാക്കുന്നതാണ്. കോളേജ് തലത്തിൽ വിദ്യാർത്ഥികളുടെ ലഹരി ഉപയോഗ സാധ്യതകൾ ഇല്ലാതാക്കുന്നതിന് കോളേജ് ക്യാമ്പസ്സുകളിൽ 'നേർക്കൂട്ടം' എന്ന പേരിലും, കോളേജ് ഹോസ്റ്റലുകളിൽ ‘ശ്രദ്ധ’ എന്ന പേരിലും കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ലഹരി വിരുദ്ധ ആശയ പ്രചരണത്തിന്റെ ആവശ്യകത കണക്കിലെടുത്ത് എസ്.പി.സി., എൻ.എസ്.എസ്., എൻ.സി.സി. എന്നിവയിലെ വിദ്യാർത്ഥികളിലൂടെ ലഹരിവിരുദ്ധ ആശയങ്ങൾ വ്യാപകമാക്കുന്നതാണ്. ഈ ലക്ഷ്യത്തോടെ ലഹരി ഉപയോഗത്തിന്റെ ദൂഷ്യഫലങ്ങൾ വെളിവാക്കുന്ന ഹ്രസ്വ ചിത്രങ്ങൾ |

| | | | |
|---|---|---|---|
| | | | തയ്യാറാക്കി വിദ്യാർത്ഥികളിലൂടെ നവമാധ്യമങ്ങൾ മുഖേന പ്രചരിപ്പിച്ച് വരുന്നു. കുട്ടികൾക്കിടയിലെ ലഹരി ഉപയോഗം കണ്ടെത്തി ആവശ്യമായ തിരുത്തൽ നടപടികൾക്കും ചികിത്സ നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ എൻ.ഡി.പി.എസ് കേസ്സുകളിൽ ഉൾപ്പെട്ട 21 വയസ്സിൽ താഴെ പ്രായമുള്ളവർ വീണ്ടും ലഹരി ഉപയോഗ സാധ്യതയിലേക്ക് പോകാതിരിക്കുവാൻ അവർക്ക് കൗൺസിലിംഗ്/ചികിത്സ നൽകുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ